**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2120** **06.10.2016- ൽ മറുപടിക്ക്**

**ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. ഉണ്ണി.** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒറ്റപ്പാലം നിവാസികളുടെ ചിരകാല സ്വപ്നമായ ഒറ്റപ്പാലം ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഒറ്റപ്പാലം ബൈപ്പാസ്, കിഴക്കേ ഒറ്റപ്പാലം കാക്കത്തോട് പാലം, പാലോട് റോഡ്, സെൻഗുപ്ത റോഡ് എന്നിവ ചേർത്ത് 1855 മീ. നീളത്തിൽ പാലക്കാട് - പൊന്നാനി റോഡ്, ഒറ്റപ്പാലം - പെരിന്തൽമണ്ണ റോഡിനോട് ബന്ധിപ്പിച്ച് ബൈപ്പാസ് റോഡ് ആയി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പ്രസ്തുത ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് 28.11.2008-ലെ സ.ഉ (സാധാ) നം. 1996/2008/പൊ.മ.വ പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് 18.07.2011-ലെ സ.ഉ (സാധാ) നം. 939/11/പൊ.മ.വ പ്രകാരം 17.4614 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു. എന്നാൽ കിഴക്കേ ഒറ്റപ്പാലം പാലോട് റോഡ് നിവാസികളുടെ എതിർപ്പ് മൂലം സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി തുടങ്ങുവാൻ സാധിച്ചില്ല. ഇപ്പോഴത്തെ നിരക്കിൽ ഈ ബൈപ്പാസ് പൂർത്തീകരിക്കുന്നതിന് ഏകദേശം 14 കോടി രൂപ ആവശ്യമായി വരും. പാലക്കാട് കുളപ്പുള്ളി റോഡിൽ ഒറ്റപ്പാലത്തുള്ള കയ്യേറ്റങ്ങൾ അളന്നു തിട്ടപ്പെടുത്തി സ്ഥലം ഏറ്റെടുത്ത് റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) 2016-17 വർഷത്തെ ബഡ്ജറ്റിൽ അതിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് 15 കോടി രൂപ പ്രഖ്യാപിച്ചതിൻ പ്രകാരം KIIFB-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഒറ്റപ്പാലം ബൈപ്പാസിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഒറ്റപ്പാലം ബൈപ്പാസിന്റെ രൂപരേഖ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ